*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

### പ്രഫസർ അനിൽകുമാറിന്റെ സത്സംഗം

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 31D

### പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്

ആ വർഷം(1999) ഒരു ദിവസം പ്രശാന്തിനിലയം വളരെ വളരെ തിരക്കുള്ളതായി തോന്നിച്ചു. കുറച്ച് വിദ്യാർത്ഥികൾ അങ്ങുമിങ്ങും ഓടുന്നത് കണ്ടു. ചുറ്റും കുറെ സുരക്ഷാ ഉദ്യോഗസ്ഥരെ ഞങ്ങളും കണ്ടു. ഇതെല്ലാം എന്തിനാണ്? കൗതുകത്തോടെ, ഞാൻ ചില അന്വേഷണങ്ങൾ നടത്തി. ഗ്രീസിലെ രാജകുടുംബത്തിൽനിന്നുള്ള ഒരംഗം, ഒരുപക്ഷേ രാജ്ഞിയുടെ റാങ്കിലുള്ള ഒരാൾ, ഭഗവത് ദർശനത്തിനായി ഇവിടെ എത്തിച്ചേർന്നിട്ടുണ്ടെന്ന് എനിക്ക് അറിയാനിടയായി. അവർ ഇവിടെ ഉള്ളിലുണ്ട്, ഞങ്ങളെല്ലാവരും നിരീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഭജനയുടെ അവസാനം, കവിളത്തുനിന്ന് കണ്ണുനീർ തുടച്ചുകൊണ്ട് അവർ ഇന്റർവ്യൂ മുറിയിൽനിന്ന് പുറത്തുവന്നു. ശരി, അത് സന്തോഷത്തിന്റെ കണ്ണുനീരാണോ, അല്ലെങ്കിൽ എന്താണ്, എനിക്ക് അറിയണമെന്നുണ്ട്. അന്വേഷണത്തിൽ, രാജകുടുംബത്തിന് ഭഗവാനാൽ ഒരു ഇന്റർവ്യൂ അനുവദിക്കപ്പെട്ടു എന്ന് എനിക്ക് മനസ്സിലായി.



ഒരു ദീർഘമായ സംഭാഷണത്തിനു ശേഷം, സ്വാമിയുമായി ഒരു സ്വകാര്യ കൂടിക്കാഴ്ചയ്ക്കായി ആ വനിത അപേക്ഷിക്കുകയുണ്ടായി. അവർ സ്വാമിയോട് സ്വകാര്യമായി സംസാരിക്കുന്നതിന് ആഗ്രഹിച്ചു. അതിനാൽ, മറ്റ് കുടുംബാംഗങ്ങളെല്ലാവരും പുറത്തു പോയി, അവരും സ്വാമിയും മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. പ്രത്യക്ഷമായും, അവരുടെ കുടുംബാംഗങ്ങളാരും അറിയരുതെന്ന് അവർ കരുതിയ

എന്തോ ഒന്ന് സ്വാമിയുമായി സംസാരിക്കുന്നതിന് അവരാഗ്രഹിച്ചു. അത് നോക്കൂ. ഭഗവാനാണ് ഏറ്റവും പ്രിയ സുഹൃത്ത്. ഭഗവാനാണ് പിതാവ്. ഭഗവാനാണ് മാതാവ്. ഭഗവാൻ പൂർണ ദൈവമാണ്. ഭഗവാനോടല്ലാതെ മറ്റ് ആരോടാണ് നമുക്ക് മനസ്സു തുറക്കാനാവുക? ശരി, കുറച്ചു കഴിഞ്ഞപ്പോൾ അവർ പുറത്തു വന്നു. പിന്നീടാണ് ഞാൻ മനസ്സിലാക്കിയത്, അവർ കരയുകയായിരുന്നു, കാരണം, പ്രശാന്തിനിലയത്തിൽ താമസസൗകര്യം കിട്ടില്ല, എയർപോർട്ട് ഇല്ല, അതുകൊണ്ട് പ്രശാന്തിനിലയത്തിൽ എത്തിച്ചേരുക സാധ്യമല്ല, ഏറ്റവും നല്ല കാര്യമെന്നത് ഇന്റർവ്യൂ കഴിഞ്ഞിട്ട് ഉടനടി ബാംഗ്ലൂരിന് തിരികെപ്പോവുകയാണ് എന്നൊക്കെ അവരുടെ സെക്യൂരിറ്റി ആളുകൾ മുമ്പേ അവരെ ധരിപ്പിച്ചിരുന്നു. വാസ്തവത്തിൽ, ഒന്നു രണ്ട് ദിവസം കൂടി ഇവിടെ തങ്ങാനാണ് ആ സ്ത്രീ ആഗ്രഹിച്ചത്. എന്നാൽ തെറ്റായ വിവരങ്ങൾ നൽകപ്പെട്ടതുമൂലം, അവർക്ക് ഇവിടെ തങ്ങാനായില്ല. സുരക്ഷാകാരണങ്ങളാൽ അവർക്ക് തിരികെപ്പോവുന്നതിന് വഴങ്ങേണ്ടിവന്നു. ഇത് പലരുടെയും കണ്ണ് തുറപ്പിക്കുന്ന ഒന്നായിരുന്നു-സ്വാമി അകലെനിന്നും അടുത്തുനിന്നും ആളുകളെ ആകർഷിക്കുന്നു എന്ന്, അവർ സ്വാമിക്കൊപ്പം കൂടുതൽ നേരം തങ്ങുന്നതിന് ആഗ്രഹിക്കുന്നു എന്ന്. ഗ്രീസിൽ നിന്നുള്ള രാജകുടുംബത്തിന്റെ കാര്യത്തിലും ഇത് ശരിയായിരുന്നു.

ഇനി, വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം ഞാൻ നിങ്ങളുമായി പങ്കുവയ്ക്കുന്നതിന് ആഗ്രഹിക്കുകയാണ്. ഒരു വർഷം, ഒരു പക്ഷേ ക്രിസ്മസിന് അടുത്തോ മറ്റോ ആണ്, ഇവിടെയുള്ള ആളുകൾ എന്തോ സംസാരിക്കുന്നുണ്ടായിരുന്നു. അവർ എന്തിനെക്കുറിച്ചാണ് സംസാരിക്കുന്നത് എന്നറിയുന്നതിന് ഞാൻ ആഗ്രഹിച്ചു. ഫ്രാൻസിൽ നിന്ന് ഒരു ബിഷപ്പ് പ്രശാന്തിനിലയം സന്ദർശിക്കാൻ എത്തിയതായും അദ്ദേഹം ഒരാഴ്ചക്കാലം ഇവിടെ തങ്ങുന്നതായും തോന്നുന്നു. അതിശയകരമെന്നു പറയട്ടെ, ബിഷപ്പ് തീൻമേശയിൽ സ്വാമിക്കൊപ്പം ചേർന്നു. അദ്ദേഹം സ്വാമിയോടൊപ്പം പ്രാതൽ കഴിച്ചു, സ്വാമിയോടൊപ്പം ഉച്ചയൂണ് കഴിച്ചു, സ്വാമിയോടൊപ്പം ലഘുഭക്ഷണം കഴിച്ചു, സ്വാമിയോടൊപ്പം അത്താഴം കഴിച്ചു. പ്രഭാതഭജനയ്ക്കു ശേഷവും സായാഹ്നഭജനയ്ക്കു ശേഷവും, സ്വാമി ബിഷപ്പിനെ അവിടുത്തെ കാറിൽ കൂട്ടിക്കൊണ്ട് സവാരിക്ക് പോവുന്നത് പതിവായി. അതു മൊത്തത്തിൽ ഒരു 'ബിഷപ്പ് സീസണാ'ണെന്നു തോന്നിച്ചു.

എല്ലാവരും അദ്ദേഹത്തെക്കുറിച്ചാണ് സംസാരിച്ചുകൊണ്ടിരുന്നത്. സ്വാമി ഇത്രയും പ്രാധാന്യം അദ്ദേഹത്തിന് നൽകാൻ കാരണമെന്താണ്? എന്തുകൊണ്ട്? പക്ഷേ, എനിക്ക് അദ്ദേഹത്തെ കാണുന്നതിന് അവസരം ലഭിച്ചില്ല. എനിക്ക് അദ്ദേഹത്തെ കാണണമെന്നുണ്ടായിരുന്നു. ഞാനെന്തു ചെയ്യാനാണ്? അദ്ദേഹം മുമ്പിലാണ് ഇരുന്നിരുന്നത്. ഭജൻ

ഹാളിലേക്ക് കയറുന്ന വാതിലിനോട് വളരെ അടുത്ത്, മുന്നിലെ വഴിയുടെ അടുത്ത്, ഞാനാകട്ടെ പുറകിലും. എനിക്കെങ്ങനെയാണ് കാണാനാവുക?

എങ്ങനെയോ, അതൊരു ഞായറാഴ്ചയായിരുന്നു. സ്വാമി ഏതോ ഗ്രൂപ്പിനെ ഇന്റർവ്യൂവിനായി വിളിച്ചിട്ട് വാതിലടച്ചു, അതുകൊണ്ട് ഞാൻ ബിഷപ്പിനെ കാണുക എന്ന ഉദ്ദേശ്യത്തോടെ മാത്രം, പുറകിൽനിന്ന് മുമ്പിലേക്ക് നടക്കുന്നതിന് ധൈര്യപ്പെട്ടു. എനിക്ക് അദ്ദേഹത്തെ കാണാനായി, വെള്ളത്താടിയും മൊട്ടത്തലയുമുള്ള, കറുത്ത ഗൗണോ കറുത്ത അങ്കിയോ ധരിച്ച, സ്വർണനിറമുള്ള ഒരു മനുഷ്യൻ. അദ്ദേഹത്തിന്റെ വശത്തായി നല്ല പൊക്കമുള്ള അദ്ദേഹത്തിന്റെ ശിഷ്യനെയും ഞാൻ കണ്ടു, അയാളും കറുപ്പിലാണ്! കൂർത്ത മൂക്കുള്ള അയാളും നല്ല സുമുഖനാണ്. അയാൾ യേശുക്രിസ്തുവിന്റെ വേഷമിട്ടാൽ നല്ലൊരു നടനായിരിക്കും എന്ന് ഞാൻ ചിന്തിച്ചു. എനിക്ക് അവർ രണ്ടു പേരെയും കാണാൻ കഴിഞ്ഞു.

അപ്രതീക്ഷിതമായി സ്വാമി വാതിൽ തുറന്ന് പുറത്തുവന്നു. ''അനിൽകുമാർ, നീയെന്താണ് ഇവിടെ?''

ഞാനെന്താണ് ഭഗവാനോട് പറയുക? ബിഷപ്പിനെ കാണുക എന്ന ഉദ്ദേശ്യത്തോടെ മാത്രം, പുറകിൽനിന്ന് മുമ്പിലേക്ക് നടന്നതാണ് ഞാൻ. ഇപ്പോൾ സ്വാമി എന്നോട് ചോദിക്കുന്നു, ''നീയെന്താണ് ഇവിടെ?''

ശരി, ഞാൻ വളരെ സത്യസന്ധനായിരുന്നതുകൊണ്ട് സ്വാമിയോട് പറഞ്ഞു, ''സ്വാമീ, എനിക്ക് ബിഷപ്പിനെ കാണണമെന്നുണ്ടായിരുന്നു.''

പെട്ടെന്ന് സ്വാമി പറഞ്ഞു, ''ബിഷപ്പ് സ്വാമിയുടെ അടുത്ത് വന്നപ്പോൾ, നിങ്ങൾ ബിഷപ്പിനെ കാണാനായി വന്നിരിക്കുന്നു. അതാണ് നിങ്ങളുടെ അവസ്ഥ.''

വരാന്തയിലിരുന്നവരൊക്കെ ചിരിച്ചു.

കുറച്ചു നേരം കഴിഞ്ഞ്, സ്വാമി ബിഷപ്പിനും അദ്ദേഹത്തിന്റെ ശിഷ്യനും ഒരു ഇന്റർവ്യൂ അനുവദിച്ചു, രണ്ട് വനിതകളെയും അകത്തേക്ക് വിളിച്ചു. അവർ ബൽജിയത്തിലെ രാജകുടുംബത്തിൽനിന്നുള്ളവരാണ്, ഒരു അമ്മയും മകളും. അങ്ങനെ അവർ നാലുപേരും അകത്തേക്ക് ഇന്റർവ്യൂവിനായി വിളിക്കപ്പെട്ടു. അവർ ഉള്ളിലേക്ക് പോയി.

പെട്ടെന്ന്, ഏതാനും നിമിഷങ്ങൾക്കു ശേഷം, സ്വാമി വാതിൽ തുറന്ന് എന്നോട് ഇന്റർവ്യൂ മുറിയിലേക്ക് വരാനായി ആവശ്യപ്പെട്ടു. ഞാൻ അകത്തു കയറി. അപ്പോൾ

സ്വാമി തെലുങ്കിൽ പറഞ്ഞു, "നിനക്ക് ബിഷപ്പിനെ കാണണോ? നിനക്ക് കാണാം. ഇപ്പോൾ അവനെ അടിമുടി, നന്നായി, നിനക്ക് തൃപ്തിയാവോളം കണ്ടുകൊള്ളുക."

ഞാൻ പുഞ്ചിരിച്ചു, "നന്ദി, സ്വാമീ."

ഞങ്ങളെല്ലാവരും ഇരുന്നപ്പോൾ, സ്വാമി സംസാരിക്കാനാരംഭിച്ചു, "ഫ്രാൻസിൽനിന്നുള്ള ഈ ബിഷപ്പ് ഈ ഭാരതദേശത്തുടനീളം, കാശ്മീർ തൊട്ട് കന്യാകുമാരി വരെ, എല്ലാ കൗതുകകരങ്ങളായ സ്ഥലങ്ങളും സന്ദർശിക്കണമെന്ന് ആഗ്രഹിച്ച് വന്നതാണ്. എന്നാൽ, പ്രശാന്തിനിലയത്തിലെത്തി സ്വാമിയെ കണ്ടതിൽ പിന്നെ മറ്റെങ്ങും പോവുന്നില്ലെന്ന് ഇവൻ തീരുമാനിച്ചു. അവസാന ദിവസം വരെ തന്റെ മുഴുവൻ സമയവും പ്രശാന്തിനിലയത്തിൽ ചെലവിടുന്നതിന് ഇവൻ തീരുമാനമെടുത്തിരിക്കുകയാണ്."

"അതുകൊണ്ട്, ഇവന്റെ പ്രാർത്ഥനയ്ക്ക്, ഇവന്റെ ഭക്തിക്ക്, ഇവന് അർഹതയുള്ളതൊക്കെ ഞാൻ നൽകുന്നു. തന്നെയുമല്ല, ഇന്ന് ഇവന്റെ ജന്മദിനമാണ്. അതിനാൽ ഞാനിവനെ അനുഗ്രഹിക്കണമെന്ന് കരുതി. അതുകൊണ്ടാണ് ഞാൻ ഇവർക്ക് കൂടിക്കാഴ്ച അനുവദിച്ചത്."



എന്റെ സകല സംശയങ്ങളും ഇപ്പോൾ നീങ്ങി, എനിക്ക് കാര്യം വ്യക്തമായി.

ദയവായി എന്നെ വിശ്വസിച്ചാലും, ഫ്രാൻസിൽ നിന്നും എത്തിയ ആ ബിഷപ്പിനോട് സ്വാമി വിശുദ്ധ ബൈബിളിനെക്കുറിച്ച് സംസാരിക്കാൻ തുടങ്ങി. ഞാനൊരു ക്രിസ്ത്യൻ കോളജിലെ വിദ്യാർത്ഥിയായിരുന്നു, അവിടെ അധ്യാപകനുമായിരുന്നു, അതിനാൽ എനിക്ക് വിശുദ്ധ ബൈബിളുമായി മുപ്പത് കൊല്ലത്തിലധികം കാലത്തെ നല്ല പരിചയമുണ്ട്. അതു തന്നെയല്ല. പ്രസംഗപീഠത്തിൽനിന്നുള്ള നിരവധി ബൈബിൾ പ്രഭാഷണങ്ങൾ ഞാൻ കേട്ടിരിക്കുന്നു. ധാരാളം ക്രിസ്ത്യൻ മിഷണറിമാർ ഞങ്ങളോട് സംസാരിച്ചിട്ടുള്ളത് ഞാൻ കേട്ടിട്ടുണ്ട്. പക്ഷേ വലിയ വിസ്മയമെന്നു പറയട്ടെ, ഭഗവാൻ വിശുദ്ധ ബൈബിളിനെക്കുറിച്ച്, അതിലെ നിരവധി ഉപാഖ്യാനങ്ങളെക്കുറിച്ച് പുതിയ വ്യാഖ്യാനം നൽകിക്കൊണ്ട്, പുതി യ അർത്ഥം നൽകിക്കൊണ്ട്, വേറിട്ട വിശദീകരണം നൽകിക്കൊണ്ട് സംസാരിക്കുന്നത് ഞാൻ കണ്ടു.




ക്രിസ്മസ് പ്രശാന്തിനിലയത്തിൽ

പിന്നീട് അത് ബിഷപ്പിന് വിട്ടുകൊടുത്തു, അദ്ദേഹം വെറുതെ തലയാട്ടിക്കൊണ്ട്, 'ഓ, ഓ, സ്വാമീ! ഓ, അതങ്ങനെയാണോ? ഓ, ഓ, ഓ, സ്വാമീ!' എന്ന് അതിശയിച്ചുകൊണ്ട് ഇരിക്കുകയായിരുന്നു. വിശുദ്ധ ഗ്രന്ഥമായ ബൈബിളിലെ ഈ രഹസ്യങ്ങളും രത്നങ്ങളും അറിയാനിടവന്നതിൽ അദ്ദേഹം ആകെ സ്തബ്ധനായി, അതിശയത്തോടെ, ആവേശഭരിതനായി ഇരിക്കുകയായിരുന്നു. സ്വാമി ആ മുഴുവൻ ഗ്രൂപ്പിലും സന്തുഷ്ടനായിരുന്നു,

അവരെ എനിക്ക് പരിചയപ്പെടുത്തി തരികയുണ്ടായി, എന്നെ അവർക്കും പരിചയപ്പെടുത്തി അവിടുന്ന്.

ഇന്റർവ്യൂ മുറിയിൽ വച്ച് അവിടുത്തെ ദിവ്യപ്രഭാഷണം പരിഭാഷപ്പെടുത്താനുള്ള ഭാഗ്യം എനിക്കു ലഭിച്ചു. ഇന്റർവ്യൂവിന് ഒടുക്കം, സ്വാമി തീരെ ചെറിയ ഒരു സ്വർണക്കപ്പ്, ഒരു സ്വർണ സ്പൂണിനൊപ്പം സൃഷ്ടിച്ചു. ആ സ്വർണക്കപ്പിൽ വക്കു വരെ അമൃതുണ്ടായിരുന്നു.

ഞാൻ ആ കപ്പ് പിടിക്കണമെന്ന് സ്വാമി ആവശ്യപ്പെട്ടു. ഞാനത് എന്റെ കൈയിൽ പിടിച്ചു, സ്വാമി ആ സ്വർണ സ്പൂണെടുത്തിട്ട് ഇന്റർവ്യൂ മുറിയിൽ കൂടിയിരുന്ന ഓരോരുത്തരോടും ആവശ്യപ്പെട്ടു, ''നിങ്ങളുടെ വായ തുറക്കൂ.''

''ആ!'' അവർ തുറന്നു. അപ്പോൾ അവിടുന്ന് ഒരു സ്പൂൺ അമൃത് അവർക്ക് നൽകി. ഓരോരുത്തരായി, അവിടുന്ന് ഓരോ സ്പൂൺ അമൃത് അവരുടെ വായിലേക്ക് ഒഴിച്ചുകൊടുത്തു. അങ്ങനെ, അവർക്കെല്ലാവർക്കും അമൃത് ലഭിച്ചു, ഫ്രാൻസിൽനിന്നുള്ള ഈ രണ്ടു പേർക്കും ബൽജിയത്തിൽനിന്നുള്ള രണ്ടുപേർക്കും. അവർക്ക് വളരെ വളരെ സന്തോഷമായി.

അപ്പോൾ ഞാൻ സംശയാലുവായിരുന്നു, ''സ്വാമീ, അവിടുന്ന് എനിക്ക് തരുമോ ഇല്ലയോ?''

പെട്ടെന്ന് അവിടുന്ന് എന്നെ നോക്കിയിട്ട് പറഞ്ഞു, ''അസൂയയാണോ? വേണ്ട, വേണ്ട, നിനക്കും ഞാൻ തരാം. നിന്റെ വായ തുറക്ക്.'' അപ്പോൾ അവിടുന്ന് എനിക്ക് തന്നു. ഒരു സ്പൂൺ അമൃത് അവിടുന്ന് എന്റെ വായിലേക്ക് ഒഴിച്ചു തന്നു. പക്ഷേ എന്നിട്ടും ആ ചെറിയ സ്വർണ്ണക്കപ്പിൽ കുറച്ച് അമൃതുകൂടി അവശേഷിച്ചിരുന്നു.

ശരി, ഈ ബാക്കിവന്ന അമൃതിന് എന്തു സംഭവിക്കും? ഞാൻ സ്വയം ചോദ്യം ചെയ്യുകയായിരുന്നു. സ്വാമി പെട്ടെന്ന് തിരിഞ്ഞിട്ട് പറഞ്ഞു, ''അനിൽകുമാർ, നീ ഒത്തിരി സംസാരിക്കുന്നയാളാണ്. ബാക്കി വന്ന അമൃതും ഞാൻ നിനക്കു തരാം. നിന്റെ വായ തുറക്ക്.'' അവിടുന്ന് ബാക്കി മുഴുവനും എന്റെ വായിലേക്ക് പകർന്നു. എനിക്ക് വളരെ വളരെ ആനന്ദമുണ്ടായി.

പക്ഷേ ഒരു കാര്യമുണ്ടായി, ഞാൻ കപ്പ് പിടിച്ചിരുന്നതിനാൽ, ഏതാനും തുള്ളികൾ എന്റെ കൈവെള്ളയിൽ വീണിരുന്നു, അത് വളരെ വളരെ ഒട്ടിപ്പിടിക്കുന്നതുപോലെ തോന്നിച്ചു, പശ പോലെ.

ശരി, സ്വാമി എല്ലാവരെയും അനുഗ്രഹിച്ചു, വിഭൂതിപ്രസാദം നൽകിയിട്ട് ഓരോരുത്ത രെയും പുറത്തേക്കയച്ചു. എന്നിട്ട് എന്റെ കണ്ണുകളിലേക്ക് ആഴത്തിൽ നോക്കിയിട്ട് പറ ഞ്ഞു, "ഏതാണ്ട് അൻപത് കൊല്ലങ്ങൾക്കു മുമ്പ് ഞാൻ അമൃത് സൃഷ്ടിക്കുകയുണ്ടായി. ഇന്നു മാത്രമാണ് ഞാൻ ഈ ബിഷപ്പിനുവേണ്ടി വീണ്ടും സൃഷ്ടിക്കുന്നത്. ഇപ്പോൾ ഞാനിത് നിന്നോട് പറയുകയാണ്, ആരോടും പറയരുത്. നിനക്ക് മനസ്സിലായോ? ഇനി നീ പോവൂ." സ്വാമി പറഞ്ഞു.

ഞാൻ ഇന്റർവ്യൂമുറിയിൽ നിന്ന് പുറത്തു കടന്നു. എന്റെ വിരലുകൾ നിവർത്തി വച്ചിരിക്കു കയായിരുന്നു, കാരണം അതെല്ലാം ഒട്ടലുള്ളവയായിരുന്നു. എന്റെ വിരലുകൾ മടക്കാനാ വാത്തതു കണ്ടിട്ട്, ഇന്റർവ്യൂമുറിക്കകത്ത് എന്തോ സംഭവിച്ചതായി സേവാദളുകൾക്ക് പിടി കിട്ടി. എനിക്ക് മിക്ക സേവാദൾ അംഗങ്ങളെയും അറിയാം, എന്തുകൊണ്ടെന്നാൽ കഴിഞ്ഞ അൻപത് കൊല്ലക്കാലമായി ഞാൻ സംഘടനയിലുണ്ട്. ഗേറ്റിൽവച്ച് സേവാദൾ അംഗങ്ങൾ എന്റെയടുത്തു വന്ന് തിരക്കി, "സർ, അകത്ത് എന്താണ് നടന്നത്?"

സ്വാമി പറയുകയുണ്ടായി, "പറയരുത്." ഞാനെന്തു ചെയ്യും? എന്നാൽ ഒരു കാര്യമുണ്ട്; എന്റെ കൈവെള്ള സെന്റ് പോലെ, ഒരു പാരീസ് ഷാംപെയ്ൻ പോലെ മണക്കുന്നുണ്ടായി രുന്നു, വളരെ ഹൃദ്യമായ സുഗന്ധം, ഏതൊരു സുഗന്ധദ്രവ്യവും പോലെ നല്ല പരിമളം. അതുകൊണ്ട്, ഞാൻ ചെയ്തത് എന്തെന്നാൽ, അവർക്ക് മറുപടി നൽകാതെ, ഞാൻ എന്റെ കൈപ്പടം അവരുടെ ഓരോരുത്തരുടെയും മൂക്കിനോട് അടുപ്പിച്ചു. അവർക്ക് മണക്കാനായി. അപ്പാ! അവർക്ക് വലിയ സന്തോഷമായി.

അപ്പോൾ ഞാൻ എന്നോടുതന്നെ ഇപ്രകാരം സമാധാനം പറഞ്ഞു. സ്വാമി പറയുകയുണ്ടാ യി, "പറയരുത്." പക്ഷേ, "മണപ്പിക്കരുത്" എന്ന് അവിടുന്ന് എന്നോട് പറഞ്ഞിട്ടില്ല. അങ്ങനെ അവിടുന്ന് പറഞ്ഞിട്ടില്ല. "പറയരുത്" എന്നുമാത്രമേ അവിടുന്ന് പറഞ്ഞുള്ളൂ. അതുകൊണ്ട് ഞാൻ ആരോടും പറയുകയുണ്ടായില്ല, എല്ലാവരും മണക്കാനായി അനുവദി ച്ചു.

എന്നിട്ട് ഞാൻ വീട്ടിലെത്തി. എന്നെ കണ്ടിട്ട്, എന്റെ വിരലുകൾ നിവർത്തി വച്ചിരിക്കുന്നത് കണ്ടിട്ട്, എന്റെ ഭാര്യ എന്നോടു തിരക്കി, "നിങ്ങളുടെ വിരലുകൾക്ക് എന്തു സംഭവിച്ചു? നിങ്ങളെന്തിനാണ് ഇങ്ങനെ കാണിക്കുന്നത്?"

ഞാൻ പറഞ്ഞു, "സ്വാമി സൃഷ്ടിച്ച അമൃത് കാരണം എല്ലാം ഒട്ടിപ്പിടിച്ചിരിക്കുകയാണ്. അതുകൊണ്ട്, എനിക്കിപ്പോൾത്തന്നെ എന്റെ കൈകൾ കഴുകണം."

അവൾ പറഞ്ഞു, ‘‘അതിപ്പോൾ ചെയ്യരുത്. ഒന്നു നിന്നേ.’’ അവളൊരു പ്ലേറ്റ് കൊണ്ടുവന്നിട്ട് എന്റെ കൈകൾ അതിൽ കഴുകാനായി ആവശ്യപ്പെട്ടു.

സുഹൃത്തുക്കളേ, എന്നെ വിശ്വസിച്ചാലും, ആ സുഗന്ധം, ആ പരിമളം, രണ്ടാഴ്ചക്കാലം നിലനിന്നു-ഒരു പക്ഷം, പതിനഞ്ചു ദിവസം, ഏറ്റവും അതിശയകരമായി!

ഇത് ഞാൻ നിങ്ങളുമായി പങ്കുവയ്ക്കുന്നത് ഭഗവാന്റെ കൃപ നിങ്ങളെ അറിയിക്കുന്നതിനു വേണ്ടിയാണ്.

സായിരാം. നമുക്ക് പിന്നീട് കാണാം.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**

(പരിഭാഷ: എം.എൻ. വിനോദ്കുമാർ)